**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - തിരുവമ്പാടി ഗ്രാമപഞ്ചായത്ത് - പുല്ലൂരാംപാറ മലബാർ സ്പോർട്സ് അക്കാഡമിയിൽ പരിശീലനം നടത്തുന്ന കുട്ടികൾക്ക് വേണ്ടി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2351/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 04.08.2016

പരാമർശം:- 1. തിരുവാമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 04.05.2015 ലെ എ 2-2681/15 നമ്പർ കത്ത്.

2. വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2015 ലെ 3.15 നമ്പർ തീരുമാനം.

3. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 01.02.2016 ലെ എ 5-9181/15 നമ്പർ കത്ത്.

4. വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 09.03.2016 ലെ 3.15 നമ്പർ തീരുമാനം.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പുല്ലൂരാംപാറ മലബാർ സ്പോർട്സ് അക്കാഡമിയിൽ കായിക പരിശീലനം നടത്തുന്ന കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപ അനുവദിക്കുന്നതിനുള്ള അനുമതിയാണ് പരാമർശം (1) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പുല്ലൂരാംപാറ മലബാർ സ്പോർട്സ് അക്കാഡമിയിൽ കായിക പരിശീലനം നടത്തുന്ന കുട്ടികൾക്ക് പോഷകാഹാര സംബന്ധമായ ഭക്ഷണം നൽകുന്നതിന് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പരമാവധി 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) രൂപ വരെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

ഫണ്ട് ചെലവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് മേൽനോട്ടം വഹിക്കേണ്ടതും ഇത് സംബന്ധിച്ച് ജില്ലാ കളക്ടർ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സുനിൽകുമാർ എസ്.ഡി.,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോഴിക്കോട്
പ്രസിഡന്റ്/സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
കൺവീനർ, മലബാർ സ്പോർട്സ് അക്കാഡമി, പുല്ലൂരാംപാറ, തിരുവാമ്പാടി
ധനകാര്യവകുപ്പ്
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

***ഉത്തരവിൻ പ്രകാരം,***

Riya

***സെക്ഷൻ ഓഫീസർ.***